
മലയാളം
DEPARTMENT OF MALAYALAM

# മലയാള സാഹിത്യ സമാജം ഉദ്ഘാടനം

2018-19 അധ്യയന വർഷത്തിലെ മലയാള സമാജത്തിന്റെ ഔദ്യോഗിക ഉദ്ഘാടനവും എൻ.ബി.എസ്സിന്റെ ആഭിമുഖ്യത്തിൽ നടത്തിൽ പുസ്തകമേളയും എ.പി.മാണി മീഡിയാ സെന്ററിൽ 2018 ആഗസ്റ്റ് 14, 10.30ന് നടന്നു. സാഹിത്യ കാരനും വിവർത്തകനും എസ്.പി.സി.എസ് പ്രസാധ ചുമതലക്കാരനുമായ ശ്രീ. മുഞ്ഞനാട് പത്മകുമാർ യോഗം ഉദ്ഘാടനം ചെയ്തു. സർഗ്ഗാ ത്മകത നിറഞ്ഞു നിൽക്കുന്ന കാമ്പസ് ജീവിത വും എങ്ങനെ ജീവിത പ്രശ്ന ങ്ങളെ നേരിടണമെന്നതും അദ്ദേഹം വിവരിച്ചു. മലയാള വിഭാഗം മേധാവി ഡോ. ഷൈല ഏബ്രഹാം യോഗത്തിൽ അധ്യക്ഷത വഹിച്ചു. ബി.എ ഫൈനൽ പരീക്ഷയിൽ യൂണിവേഴ്സിറ്റി തലത്തിൽ ഉന്നതവിജയം കൈവരിച്ച പുണ്യ എം.നെയും യൂണിവേഴ്സിറ്റി തലത്തിൽ മികച്ച എൻ.എസ്.എസ് വോളിയർ ആയി തിരഞ്ഞെടുക്കപ്പെട്ട പൂജമോൾ പി.ബിയെയും യോഗത്തിൽ അനുമോദിച്ചു. ഒന്നാം വർഷ വിദ്യാർത്ഥിയായ അമൽ ജോൺ ജേക്കബ് കവിതാലാപനം നടത്തി. മലയാള സമാജം ഉപാധ്യക്ഷ ഡോ. സെൽവി സേവ്യർ സ്വാഗതവും സെക്രട്ടറി അർജുൻ കാർത്തികേയൻ നന്ദിയും പ്രകാശിപ്പിച്ചു.

എൻ.ബി.എസ് പുസ്തകമേള 4 മണിയ്ക്ക് സമാപിച്ചു.

# നവാഗത ദിനം

മലയാള കുടുംബത്തിന്റെ നവപുഷ്പങ്ങളെ സ്വാഗതം ചെയ്യുന്ന പരിപാടി അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും നേതൃത്വത്തിൽ 2018 ആഗസ്റ്റ് 13 ന് നടത്തി. അർച്ചന കെ. ബൈജുവിന്റെ ഈശ്വര പ്രാർത്ഥനയോടെ പരിപാടികൾ ആരംഭിച്ചു. മലയാള വിഭാഗം മേധാവി ഡോ. ഷൈല ആശംസകൾ നേർന്നു. തുടർന്ന് ഒന്നാം വർഷ വിദ്യാർത്ഥികൾ സ്വയം പരിചയപ്പെടുത്തുകയും അവർക്ക് നൽകിയ ടാസ്ക്കുകൾ സന്തോഷത്തോടുകൂടി ഏറ്റു വാങ്ങുകയും ചെയ്തു. ലക്കി സ്റ്റുഡന്റ് ആയി അമൽ ജോൺ ജേക്കബ് തെരഞ്ഞെടുക്കപ്പെട്ടു. ഡോ. സെൽവി സേവ്യർ, പ്രൊഫ. തോമസ് കുരുവിള എന്നിവർ വിവിധ മത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനങ്ങൾ നൽകി. രാംവർഷ വിദ്യാർത്ഥിനി അലീന സിബിച്ചൻ സ്വാഗതം ആശംസിച്ചു.

Mlayalam 2018-19

# വായന ാക്കൂട്ടം

2018–19 അധ്യയന വർഷത്തിലെ ആദ്യ വായനാക്കൂട്ടം 2018 ആഗസ്റ്റ് 4 ശനിയാഴ്ച 2.30 പി.എംന് ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ചു. മീറ്റിംഗിലെ പ്രധാനപരിപാടികൾ, സർഗ്ഗാത്മക രചനാവതരണം, ചലച്ചിത്ര നിരൂപണം, രാമായണപാരായണ മത്സരം, കവിതാ പാരായണം, പുസ്തക പരിചയം, ക്വിസ് മത്സരം, കർക്കടകമാസ പരിചയം എന്നിവയായിരുന്നു. അനുജ പി. പി., ആഷിക് ജയൻ, ഗായത്രി, രമ്യ റെജി, അർച്ചന കെ. ബൈജു, നിസറിൻ തുടങ്ങിയവരാണ് പരിപാടികൾ അവതരിപ്പിച്ചത്. രാമായണ പാരായണ മത്സരത്തിൽ മൂന്നാം വർഷ വിദ്യാർത്ഥി അഭിജിത്ത് ആർ നായർ ഒന്നാം സമ്മാനാർഹനായി. ക്വിസ് മത്സരത്തിലും മൂന്നാം വർഷ വിദ്യാർത്ഥികൾ വിജയികളായി.

'വസ്ത്രധാരണം സാമൂഹികമായോ വ്യക്തിപരമായോ' എന്ന വിഷയത്തെ ആസ്പദമാക്കി സംവാദം നടത്തി. 'വ്യക്തിപരം' എന്ന അഭിപ്രായമാണ് മുന്നിട്ട് നിന്നത്. അഞ്ജന അനിൽ ആയിരുന്നു അവതാരക. ബെനീറ്റ ബെന്നി നന്ദി പ്രകാശിപ്പിച്ചുകൊ് പരിപാടികൾ അവസാനിച്ചു.

2018 സെപ്റ്റംബർ 13 ന് 3.00 പി. എം. ന് വായനാക്കൂട്ടം നടത്തുകയുായി. മരിയ ഈശ്വര പ്രാർത്ഥന ചൊല്ലി. പൂജാമോൾ പി. ബി. സന്ദേശം നല്കി. പരസ്പരം മനസ്സിലാക്കുകയും അംഗീകരിക്കുകയും അഭിനന്ദനങ്ങൾ നല്കുകയും ചെയ്യുന്നത് ജീവിതത്തിൽ പ്രധാനമാണെന്ന് സന്ദേശം ഓർമ്മിപ്പിച്ചു.

പുസ്തക നിരൂപണം, (ഒ. വി വിജയൻ - 'ഗുരുസാഗരം'), ക്വിസ് മത്സരം സാഹിത്യവും സിനിമയും), കവിതാലാപനം (ഒ. എൻ. വി. - 'അമ്മ'), സിനിമ നിരൂപണം, 'കളിയിൽ അൽപം കാര്യം' മത്സരം എന്നിവയായിരുന്നു പ്രധാന പരിപാടികൾ. പരിപാടിയുടെ അവലോകനം പ്രൊഫ. തോമസ് കുരുവിള നടത്തി. വായനക്കൂട്ടം കൂടുതൽ മെച്ചപ്പെടുത്തണം എന്ന തീരുമാനത്തോടെയാണ് പരിപാടി അവസാനിച്ചത്.,

2018 ഒക്ടോബർ 4ന് 3.00 പി.എം.ന് വായനക്കൂട്ടം നടത്തുകയുായി. രാം വർഷ വിദ്യാർത്ഥി മഹിത് വി. എസ് പരിപാടികൾക്ക് നേതൃത്വം നല്കി. അന്തരിച്ച വയലിനിസ്റ്റ് ബാലഭാസ്കറിനെ അനുസ്മരിച്ചുകൊ് പരിപാടികൾ ആരംഭിച്ചു. ജീവിത വിജയത്തെ ആസ്പദമാക്കി ഒന്നാം വർഷ വിദ്യാർത്ഥി മെർലിൻ സന്ദേശം നൽകി. പ്രധാന അവതരണങ്ങൾ : 'വാഴക്കുല' എന്ന കവിതാപാരായണം അഭിജിത് ആർ നായും, പുസ്തക പരിചയം ജൂബി മരിയ തോമസും നടത്തി. സിനിമ നടൻ തിലകന്റെ ജീവിത പ്രകാശനം അവതരിപ്പിച്ചു. നീനു വ്യത്യസ്തയായി ഇംഗ്ലീഷ് പത്രം വായിച്ച് മലയാള അർത്ഥം പറയുന്ന മത്സരവും നടത്തി.

# അദ്ധ്യാപക ദിനാചരണം

2018 സെപ്റ്റംബർ 5ന് ബുധനാഴ്ച മലയാള സമാജത്തിന്റെ ആഭിമുഖ്യത്തിൽ അദ്ധ്യാപക

Mlayalam 2018-19

ദിനാചരണം നടത്തി. മലയാള വിഭാഗം മേധാവി ഡോ. ഷൈല ഏബ്രഹാമിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ മലയാള സമാജം

വൈസ് പ്രസിഡന്റ് ഡോ. സെൽവി സേവ്യർ, ഷാലിമ ലിൻസി ഷാജൻ, അമൽ ജോൺ ജേക്കബ്, നയന തോമസ് എന്നിവർ സംസാരിച്ചു. ഓരോ ജീവിതങ്ങളിലും വിദ്യാലയവും അധ്യാപകരും ചെലുത്തുന്ന സ്വാധീന എല്ലാവരുടെയും വാക്കുകളിൽ നിറഞ്ഞുനിന്നു. അദ്ധ്യാപകരുടെ മാഹാത്മ്യവും അർപ്പണ മനോഭാവവും വ്യക്തമായി വിദ്യാർത്ഥികൾക്ക് പകർന്നു നൽകാൻ മീറ്റിംഗ് ഉപകരിച്ചു. ലളിതമായ നടത്തിയ ഈ പരിപാടിയിൽ കേക്ക് മുറിച്ചുകൊ് എല്ലാവരും സന്തോഷം പങ്ക് വച്ചു.

# എന്റെ വായന എന്റെ അനുഭവം

വിദ്യാർത്ഥികളിലെ വായനശീലത്തെ പ്രോത്സാഹിപ്പിക്കുന്നതിനും വായനയുടെ അനുഭവങ്ങൾ പങ്കുവയെക്കുന്നതിനും വായനാവാരത്തോട് അനുബന്ധിച്ച് 22/06/2018ൽ മിസ്സിസ്സ് മാമ്മൻ മാപ്പിള ഹാളിൽ 'എന്റെ വായന എന്റെ അനുഭവം' മത്സരം നടത്തി. വിവിധ വിഭാഗത്തിൽനിന്നായി ഇരുപത്തഞ്ചോളം വിദ്യാർത്ഥികൾ പങ്കെടുത്തു. ഡോ. ശരത് പി നാഥ് എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ഇംഗ്ലീഷ് വിഭാഗം മേധാവി ഡോ. ജ്യോതിമോൾ പി. ജീവിതത്തിൽ വായനശീലത്തിന്റെ പ്രാധാന്യവും തന്റെ വ്യക്തിപരമായ അനുഭവങ്ങളും തനിക്ക് ഏറ്റവും താല്പര്യം

തോന്നിയ പുസ്തകത്തെക്കുറിച്ചുള്ള അഭിപ്രായങ്ങളും പങ്ക് വച്ചു. ഫാ. ജിബി കെ. പോൾ , പ്രൊഫ. സാനി മേരി ബഞ്ചമിൻ, പ്രൊഫ. നേഹാ പി. ആർ എന്നിവരായിരുന്നു വിധികർത്താക്കൾ. എം.ടിയുടെ 'രാംമൂഴം' പരിചയപ്പെട്ടുത്തിയ ബി.കോം അവസാന വർഷ വിദ്യാർത്ഥിനി ഐശ്വര്യ പി. ആർ ഒന്നാം സ്ഥാനവും,

ബി. എ. മലയാളം രാം വർഷ വിദ്യാർത്ഥി അഭിജിത് ആർ നായർ 'ഒരു ദേശത്തിന്റെ കഥ' പരിചയപ്പെടുത്തി രാം സ്ഥാനവും നേടി. വിജയികൾക്കു സമ്മാനങ്ങൾ വിതരണം ചെയ്തു.

അർജുൻ കാർത്തികേയൻ യോഗത്തിന് കൃതജ്ഞത അർപ്പിച്ചു.

# ചിത്ര പ്രദർശനവും ചരിത്ര സെമിനാറും

കോട്ടയത്തിന്റെ ചരിത്രം അനാവരണം ചെയ്യുന്ന ചിത്ര പ്രദർശനവും പതിനേഴാം നൂറ്റാിലുായ ഡച്ചു ബഹുഭാഷാസ്കൂളിന്റെ ചരിത്രം സംവദിക്കുന്ന സെമിനാറും 15/12/18ൽ കോട്ടയം ബസേലിയസ് കോളേജിൽ നടന്നു.

ചരിത്രാതീതകാലത്തെ ശിലാ അവശേഷിപ്പുകൾ മുതൽ നാടുവാഴിത്ത കാലത്തെ സ്മാരകങ്ങൾ, ഭൂപടങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, ഉത്സവങ്ങൾ തുടങ്ങി പ്രാദേശിക ചരിത്രവും പൈതൃകവും വെളിവാക്കുന്ന നൂറോളം ഫോട്ടോഗ്രാഫുകളും രേഖാചിത്രങ്ങളും, 'കോട്ടയത്തിന്റെ സാംസ്കാരിക ചരിത്രം ഒരു നേർക്കാഴ്ച' എന്ന ഈ പ്രദർശനത്തിലുായിരുന്നു. ശനിയാഴ്ച രാവിലെ 10 മണിയ്ക്ക് കോളേജ് പ്രിൻസിപ്പൽ ഡോ. ജാൻസി തോമസ് പ്രദർശനം ഉദ്ഘാടനം ചെയ്തു. ഉച്ചയ്ക്ക് 2 മണിയ്ക്ക് നടന്ന സെമിനാറിൽ കെ. സുരേഷ്കുമാർ ഐഎഎസ് (ഡയറക്ടർ, അനന്തമൂർത്തി അക്കാഡമി, തിരുവനന്തപുരം) ഉദ്ഘാടനം ചെയ്തു. ഡോ. ഷൈല ഏബ്രഹാം (മലയാള വിഭാഗം മേധാവി, ബസേലിയസ് കോളേജ്) അദ്ധ്യക്ഷത വഹിച്ചു.

Mlayalam 2018-19

കോട്ടയത്തിന്റെ വിദ്യാഭ്യാസ ചരിത്രം എന്ന വിഷയത്തിൽ ഡോ. ബേബി ചെറിയാനും, 'ഡച്ച് കൊളോണിയൽ സംഭാവനകൾ കേരളത്തിൽ' എന്ന വിഷയത്തിൽ ഡോ. ബിനു ജോണും (ചരിത്ര വിഭാഗം, ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട) ക്ലാസ്സിൽ നയിച്ചു. ചരിത്രത്തിന്റെ അറിയപ്പെടാത്ത ഏടുകളിൽ മറഞ്ഞു കിടക്കുന്ന കോട്ടയത്തിന്റെ അക്ഷരപാരമ്പര്യത്തിന് തുടക്കമിട്ട ബഹുഭാഷാ വിദ്യാലയമായിരുന്ന ഹെർമൻ ഹാസൻകാംപിന്റെ 'ടോക്കൻസ്'' ഡച്ചു സ്കൂളിന്റെ ചരിത്രം അനാവരണം ചെയ്യാനുള്ള ശ്രമത്തിന്റെ ഭാഗമാണ് സ്കൂൾ സ്ഥാപിച്ച് 350-ാം വർഷത്തിലെ ഈ ഓർമ്മപ്പെടുത്തൽ. ഡച്ച് സ്കൂളിനെക്കുറിച്ച് മീഡിയ പ്രവർത്തകനായ അഖിൽ പുതുപ്പള്ളി തയ്യാറാക്കിയ ഡോക്യുമെന്ററിയുടെ പ്രദർശനവും ഇതോടൊപ്പം ഉായിരുന്നു.

ചരിത്ര പൈതൃക പഠനവേദിയും കോട്ടയം നാട്ടുകൂട്ടവും ബസേലിയസ് കോളേജ് മലയാള വിഭാഗവും സംയുക്തമായാണ് പരിപാടികൾ സംഘടിപ്പിച്ചത്. ''എ.ഡി 1668-ൽ സ്ഥാപിതമായ കോട്ടയത്തെ ഡച്ചു സ്കൂൾ'' എന്ന വിഷയത്തിൽ പള്ളിക്കോണം രാജീവ് (സെക്രട്ടറി, കോട്ടയം നാട്ടുകൂട്ടം) പ്രബന്ധങ്ങൾ അവതരിപ്പിച്ചു. സെമിനാറിന് ശേഷം മീഡിയ പ്രവർത്തകനായ അഖിൽ തയ്യാറാക്കിയ ഡച്ച് സ്കൂളിനെക്കുറിച്ചുള്ള ഹ്രസ്വ ചിത്രം പ്രദർശിപ്പിച്ചു.

ബസേലിയസ് കോളേജിലെ 2018-19 അധ്യയന വർഷത്തിൽ ഒന്നാം വർഷ മലയാള സാഹിത്യ വിദ്യാർത്ഥികൾക്കുള്ള ഓറിയന്റേഷൻ ക്ലാസ് 13/11/18 ൽ ഡോ. എ. പി. മാണി മീഡിയാ സെന്ററിൽ മലയാള വിഭാഗം മുൻ മേധാവി പ്രൊഫ. മേരി മാത്യു നയിച്ചു.

'ജീവിതം എങ്ങനെ വിജയമാക്കി മാറ്റാം' എന്നാതായിരുന്നു ചിന്താവിഷയം. നേടുന്ന വിദ്യാഭ്യാസത്തോടൊപ്പം ചിരിക്കാനും സ്നേഹിക്കാനും ജീവിക്കാനും നയിക്കാനും പഠിക്കണം എന്ന് ടീച്ചർ ഓർമ്മിപ്പിച്ചു. മരണം എന്ന വാക്കിനെ മരമെന്നും രണമെന്നും മണം എന്നും ആക്കിയ ടീച്ചർ മരണത്തിനു മുമ്പുള്ള ജീവിതത്തിൽ മരം പോലെ തണലേകാനും മുറിവേറ്റവനെ സുഖപ്പെടുത്താനും

സുഗന്ധം പകരുന്നവരാകാനും ആഹ്വാനം ചെയ്തു. വിദ്യാർത്ഥികൾക്ക് വളരെ പ്രയോജനപ്രദമായിരുന്നു ക്ലാസ് .

മലയാള വിഭാഗം മേധാവി ഡോ. ഷൈല ഏബ്രഹാം സ്വാഗതം ആശംസിച്ചു.

# നവജീവൻ യാത്ര

15/12/2018 ശനിയാഴ്ച 10 മണിയ്ക്ക് മലയാള കുടുംബാംഗങ്ങൾ കോട്ടയത്തെ മികച്ച ജനക്ഷേമ സ്ഥാപനമായ 'നവജീവൻ' സന്ദർശിച്ചു. നവജീവന്റെ ഉത്ഭവവും സ്ഥാപകൻ ശ്രീ. പി. യു. തോമസിന്റെ ജീവിതവും അടങ്ങുന്ന നാൽപത് മിനിറ്റ് ദൈർഘ്യമുള്ള 'ലൈറ്റ് ഓഫ് ലൈഫ്' എന്ന വീഡിയോ പ്രദർശിപ്പിച്ചു. ശേഷം, അദ്ദേഹം തന്റെ ജീവിതാനുഭവങ്ങൾ നേരിട്ട് പങ്കുവച്ചു. മൂന്നാം വർഷ വിദ്യാർത്ഥിനി ഒരു ഗാനം ആലപിക്കുകയും ഡിപ്പാർട്ട്മെന്റ് സെക്രട്ടി അർജൻ കാർത്തികേയൻ വിദ്യാർത്ഥികളിൽനിന്നും ശേഖരിച്ച സംഭാവന ശ്രീ. പി. യു. തോമസ് സാറിന് നൽകുകയും ചെയ്തു. മൂന്നാംവർഷ വിദ്യാർത്ഥിനി നയന തോമസ് നന്ദി പ്രകാശിപ്പിച്ചു. തുടർന്ന്, നവജീവൻ കുടുംബാംഗങ്ങളെ കാണുകയും അവരോടൊപ്പം ഏറെ സമയം ചെലവഴിക്കുകയും ചെയ്തു.

Mlayalam 2018-19

# അക്ഷര ശ്രീ

അക്ഷര ശ്രീ, കോട്ടയം ബസേലിയസ് കോളേജ് മലയാള & സുവോളജി വകുപ്പുകളുടെ സഹകരണത്തോടെ നടത്തിയ കവിയരങ്ങ്, അവാർഡ് ദാനം,

പുസ്തക പ്രകാശനം എന്നിവ 18/01/2019ൽ ഡോ. എ. പി. മാണി മീഡിയാ സെന്ററിൽ നടന്നു. കോളേജ് പ്രിൻസിപ്പൽ ഡോ. ജാൻസി തോമസ് പരിപാടി ഉദ്ഘാടനം ചെയ്തു. അധ്യക്ഷ പ്രസംഗം ഡോ. ആനിയമ്മ ജോസഫും, തുടർന്ന് മുഖ്യപ്രഭാഷണം കവിയും നിരൂപകയുമായി ഡോ. മ്യൂസ് മേരി ജേർജ്ജും നിർവ്വഹിച്ചു. സുനിത ഗണേശ് രചിച്ച നോവലിനുള്ള അവാർഡ് ചടങ്ങിൽ വിതരണം ചെയ്തു. ബസേലിയസ് കോളേജ് സുവോളജി വിഭാഗം മുൻ മേധാവി

സി. എം. മാത്യൂസ്, മലയാള വിഭാഗം മേധാവി ഡോ. ഷൈല ഏബ്രഹാം എന്നിവർ ആശംസകൾ നേർന്നു. തുടർന്ന് വിനയശ്രീയുടെ 'വനപുത്രി' എന്ന നാടകവും മാർഗ്രറ്റ് ജോർജജിന്റെ 'അവൾ മിഥില' എന്ന നോവലും പ്രകാശനം ചെയ്തു. അവാർഡ് ജേതാവ് സുനിത ഗണേശ് മറുപടി പ്രസംഗം നടത്തി.

# സംസ്കാര പഠനം - പുതുവഴികൾ (സെമിനാർ)

കേരള സംസ്ഥാന ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും കോട്ടയം ബസേലിയസ് കോളേജ് മലയാള വിഭാഗത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ 'സംസ്കാര പഠനം - പുതുവഴികൾ' എന്ന വിഷയത്തിൽ ദ്വിദിന ശില്പശാല 2019 ഫെബ്രുവരി 14, 15 തീയതികളിൽ കോളേജ് ആഡിറ്റോറിയത്തിൽ നടത്തപ്പെട്ടു. ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ പ്രൊഫ. തോമസ് കുരുവിള സ്വാഗതം ആശംസിച്ചു. ശ്രീ. പള്ളിയറ ശ്രീധരൻ (കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ) അദ്ധ്യക്ഷത വഹിച്ച യോഗം ശ്രീ. കലവൂർ രവികുമാർ (തിരക്കഥാകൃത്ത്) ഉദ്ഘാടനം ചെയ്തു. ശ്രീ. എം. ആർ. രേണുകുമാർ (കവി, ചിത്രകാരൻ) വിഷയാവതരണം നടത്തുകയും മലയാള വിഭാഗം മേധാവി ഡോ. ഷൈല ഏബ്രഹാം ആശംസകൾ അർപ്പിക്കുകയും ചെയ്തു.

തുടർന്ന് ''ബാലസാഹിത്യം പ്രസക്തിയും സാധ്യതകളും'' ശ്രീ. എ. വി. ഹരിശങ്കർ (എഡിറ്റർ ഇൻ ചാർജ്, ചിൽഡ്രൻസ് ഡിവിഷൻ എം. എം. പബ്ലിക്കേഷൻസ്, 'കുട്ടികളുടെ നാടകവേദി അരങ്ങും ആവിഷ്കാരവും'' എന്ന വിഷയത്തിൽ ശ്രീമതി. അപർണ്ണ എ. എസ്. എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്തു.

ശ്രീ. ബിബിൻ ചന്ദ്രൻ (ചലച്ചിത്ര നിരൂപകൻ, തിരക്കഥാകൃത്ത്) 'നവസിനിമയുടെ സംസ്കാരപഥങ്ങൾ' എന്ന വിഷയം അവതരിപ്പിച്ചു. ''മലയാളത്തിലെ കുറുങ്കവിത കുഞ്ഞുണ്ണി കവിതകളെ ആസ്പദമാക്കിയുള്ള പഠനം'' എന്ന വിഷയത്തിൽ

ആരതി എ.യും 'അമീകവി - ഒ.എൻ.വിയുടെ കാഴ്ചപ്പാടിലെ ടാഗോർ' എന്ന വിഷയത്തിൽ ആതിര കെ. ആർഉം പ്രബന്ധാവതരണങ്ങൾ നടത്തി.

Malayalam 2018-19

രാം ദിവസമായി ഫെബ്രുവരി 15 വെള്ളിയാഴ്ച രാവിലെ 10 മണിയോടുകൂടി തുടങ്ങിയ പരിപാടിയിൽ ശ്രീ. എബി തരകൻ (എഡിറ്റർ, ഏഷ്യാനെറ്റ് ഓൺലൈൻ) ''നവമാധ്യമ സംസ്കാരം'' എന്ന വിഷയവും ശ്രീ. എം.പി. ബഷീർ (ചീഫ് എഡിറ്റർ & സി.ഇ. ഒ ന്യൂസ്റപ്റ്റ്) 'റ്റൂൾസ് ഓഫ് ആസ്പിരന്റ് ജേർണലിസ്റ്റ് ഇൻ ന്യൂ മീഡിയ'' എന്ന വിഷയവും അവതരിപ്പിച്ചു.

ഉച്ചയ്ക്ക് ശേഷം ഡോ. എസ് ഗിരീഷ് കുമാർ അസി. പ്രൊഫ. മലയാള വിഭാഗം, കേരളവർമ്മകോളേജ്, തൃശൂർ) 'പുതുകാലം പുതുനോവൽ' എന്ന വിഷയം അവതരിപ്പിച്ചു. തുടർന്ന് നടന്ന സമാപന സമ്മേളനത്തിൽ ഡോ. അജു കെ. നാരായണൻ (അസി. പ്രൊഫ. എം. ജി. സർവ്വകാലാശാല) മുഖ്യ പ്രഭാഷണം നടത്തി.

ര് ദിവസങ്ങളിലായി നടന്ന ശില്പശാലയിൽ 'സംസ്കാര പഠനത്തിലെ നവസമീപനങ്ങൾ' ചർച്ചചെയ്യപ്പെട്ടു. രു ദിവസങ്ങളിലും കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തക പ്രദർശനവും വിൽപ്പനയും ഉായിരുന്നു.

***************

Mlayalam 2018-19